<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3500</u> <u>08-10-2025 - ൽ മറുപടിയ്ക്ക്</u>

<u>ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ജോലി സ്ഥിരത ഉറപ്പാക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ .ടി. കമ്പനികളിൽ നിന്നും തൊഴിൽ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഐ.ടി മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ആകമാനമായി തൊഴിലാളികളെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് വ്യക്തികളോ തൊഴിലാളി യൂണിയനുകളോ പരാതി ഉന്നയിച്ചിട്ടില്ല. എന്നാൽ ടാറ്റ കൺസൾട്ടൻസി സർവ്വീസസിന്റെ എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽ നിന്നും ജീവനക്കാരെ നിർബന്ധിച്ച് രാജി വയ്പ്പിക്കുന്നതിന് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഐ.ടി മേഖലയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ പ്രതിധ്വനിയുടെ കൺവീനർ പരാതി സമർപ്പിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ എറണാകുളം, തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർമാർ മുഖേന നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി മേഖലയിലെ ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് വ്യക്തികൾ ഉന്നയിക്കുന്ന പരാതികളിന്മേൽ 1947 ലെ വ്യവസായ തർക്ക നിയമപ്രകാരം അനുരഞ്ജന ചർച്ച നടത്തി ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നുമുണ്ട്.<br><br>തൊഴിൽ വകുപ്പ് കൈകാര്യം ചെയ്തുവരുന്ന വിവിധങ്ങളായ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനപരിശോധന നടത്തിക്കൊണ്ട് ജീവനക്കാർക്ക് നിയമാനുസൃത ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പാക്കുന്ന നടപടി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഐ.ടി മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ആകമാനമായി തൊഴിലാളികളെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് വ്യക്തികളോ തൊഴിലാളി യൂണിയനുകളോ പരാതി ഉന്നയിച്ചിട്ടില്ല. എന്നാൽ ടാറ്റ കൺസൾട്ടൻസി സർവ്വീസസിന്റെ |

| | | | |
|---|---|---|---|
| | | | എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽ നിന്നും ജീവനക്കാരെ നിർബന്ധിച്ച് രാജി വയ്പ്പിക്കുന്നതിന് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഐ.ടി മേഖലയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ പ്രതിധ്വനിയുടെ കൺവീനർ പരാതി സമർപ്പിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ എറണാകുളം, തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർമാർ മുഖേന നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി മേഖലയിലെ ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് വ്യക്തികൾ ഉന്നയിക്കുന്ന പരാതികളിന്മേൽ 1947 ലെ വ്യവസായ തർക്ക നിയമപ്രകാരം അനുരഞ്ജന ചർച്ച നടത്തി ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നുമുണ്ട്.<br><br>തൊഴിൽ വകുപ്പ് കൈകാര്യം ചെയ്തുവരുന്ന വിവിധങ്ങളായ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനപരിശോധന നടത്തിക്കൊണ്ട് ജീവനക്കാർക്ക് നിയമാനുസൃത ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പാക്കുന്ന നടപടി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഐ. ടി. മേഖലയിൽ വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ കമ്പനികളിൽ നിന്നും പിരിച്ചുവിടുന്ന പ്രവണത ഇല്ലാതാക്കാനും ജോലി സ്ഥിരത ഉറപ്പാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഐ.ടി മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങൾ ആകമാനമായി തൊഴിലാളികളെ തൊഴിൽ നിയമങ്ങൾ പാലിക്കാതെ പിരിച്ചുവിടുന്നത് സംബന്ധിച്ച് വ്യക്തികളോ തൊഴിലാളി യൂണിയനുകളോ പരാതി ഉന്നയിച്ചിട്ടില്ല. എന്നാൽ ടാറ്റ കൺസൾട്ടൻസി സർവ്വീസസിന്റെ എറണാകുളം, തിരുവനന്തപുരം സെന്ററുകളിൽ നിന്നും ജീവനക്കാരെ നിർബന്ധിച്ച് രാജി വയ്പ്പിക്കുന്നതിന് മാനേജ്മെന്റ് ശ്രമിക്കുന്നതായി ഐ.ടി മേഖലയിലെ ജീവനക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ പ്രതിധ്വനിയുടെ കൺവീനർ പരാതി സമർപ്പിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ എറണാകുളം, തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർമാർ മുഖേന നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി മേഖലയിലെ ജീവനക്കാരെ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട് വ്യക്തികൾ ഉന്നയിക്കുന്ന പരാതികളിന്മേൽ 1947 ലെ വ്യവസായ തർക്ക നിയമപ്രകാരം അനുരഞ്ജന ചർച്ച നടത്തി ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നുമുണ്ട്.<br><br>തൊഴിൽ വകുപ്പ് കൈകാര്യം ചെയ്തുവരുന്ന വിവിധങ്ങളായ തൊഴിൽ നിയമങ്ങൾ പ്രകാരം സ്ഥാപനപരിശോധന നടത്തിക്കൊണ്ട് ജീവനക്കാർക്ക് നിയമാനുസൃത ആനുകൂല്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ജീവനക്കാരുടെ ജോലി സുരക്ഷ ഉറപ്പാക്കുന്ന നടപടി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ